# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4558.

28..6..2013-ൽ മറുപടിക്ക്

## കാലിത്തീറ്റയ്ക്ക് സബ്സിഡി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. റ്റി.എൻ. പ്രതാപൻ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കർഷകർക്ക് വർഷം മുഴുവൻ കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്താൻ പദ്ധതിയ്ക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ക്ഷീരകർഷകർക്ക് വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ടാണ് ക്ഷീരവികസന വകുപ്പ് കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. നടപ്പു വർഷം ഈ ഇനത്തിൽ 6 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ടി തുക വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നതിന് അപര്യാപ്തമായതിനാൽ അധിക തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ, മിൽമയുടെ മേഖലാ യൂണിയനുകളും പ്രവർത്തന ഫണ്ടിൽ നിന്നും ഓരോ മേഖലാ യൂണിയന്റെയും അതാതു സമയങ്ങളിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കാലിത്തീറ്റയ്ക്ക് സബ്സിഡി നല്കുകയും, കാലിത്തീറ്റയുടെ ലഭ്യത ഉറപ്പു വരുത്തുകയും ചെയ്തുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) തീറ്റച്ചെലവ് കുറയ്ക്കുക വഴി കാലിവളർത്തുന്ന കർഷകരെ ഈ മേഖലയിലുറപ്പിച്ചു നിർത്താനും കൂടുതൽ പേരെ ക്ഷീരോല്പാദക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുകയുമാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ഗുണനിലവാരമുള്ള കാലിത്തീറ്റയാണ് പ്രധാനമായും ഈ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) നടപ്പുവർഷത്തേക്ക് ഈ പദ്ധതിക്കായി 6 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നതിന് ടി തുക അപര്യാപ്തമായതിനാൽ അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.